# ഉത്തരവാദപ്പെട്ടവർക്കും മൂപ്പന്മാർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

ഒക്ടോബർ 2024

പൊതുവിഷയം:

ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്നത്

## ദൂത് ഒന്ന്
## ദൈവരാജ്യം—
## ദിവ്യ ജീവന്റെയും ദിവ്യ വർഗത്തിന്റെയും മണ്ഡലം

RK *Hymns*: ML93

തിരുവെഴുത്തു വായന: യോഹ. 3:5-6; 18:36; 1:12-13; 2 പത്രൊ. 1:4

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

യോഹ. 18:36 യേശുവോ, എന്റെ രാജ്യം ഈ ലോകത്തിൽ നിന്നല്ല. എന്റെ രാജ്യം ഈ ലോകത്തിൽനിന്ന് ആയിരുന്നെങ്കിൽ, ഞാൻ യെഹൂദന്മാർക്ക് ഏൽപ്പിക്കപ്പെടാതിരിക്കേണ്ടതിന് എന്റെ പരിചാരകന്മാർ പോരാടുമായിരുന്നു; എന്നാൽ അങ്ങനെതന്നെ, എന്റെ രാജ്യം ഇവിടെനിന്നല്ല എന്ന് ഉത്തരം പറഞ്ഞു.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

**I. ദൈവരാജ്യം ദിവ്യജീവന്റെ മണ്ഡലമാണ്—യോഹ. 3:3, 5, 15-16; 18:36; 1:12-13:**

യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

യോഹ. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ

നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

യോഹ. 18:36 യേശുവോ, എന്റെ രാജ്യം ഈ ലോകത്തിൽ നിന്നല്ല. എന്റെ രാജ്യം ഈ ലോകത്തിൽനിന്ന് ആയിരുന്നെങ്കിൽ, ഞാൻ യെഹൂദന്മാർക്ക് ഏൽപ്പിക്കപ്പെടാതിരിക്കേണ്ടതിന് എന്റെ പരിചാരകന്മാർ പോരാടുമായിരുന്നു; എന്നാൽ അങ്ങനെതന്നെ, എന്റെ രാജ്യം ഇവിടെനിന്നല്ല എന്ന് ഉത്തരം പറഞ്ഞു.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

A. പുതിയനിയമം ദൈവത്തിന്റെ ജീവനെ *ജീവനായി*, അതായത്, യഥാർഥ ജീവനായും, ശരിക്കും ജീവനായി പരിഗണിക്കാവുന്ന ഏക ജീവനായും കണക്കാക്കുന്നു—എഫെ. 4:18.

എഫെ. 4:18 അവർ തങ്ങളുടെ അറിവിൽ ഇരുണ്ടുപോയിട്ട്, തങ്ങളിലുള്ള അജ്ഞത നിമിത്തം, തങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തം തന്നെ, ദൈവജീവനിൽ നിന്ന് അകന്നിരിക്കുന്നു;

B. നമുക്ക് ജീവൻ ഉണ്ടായിരിക്കുന്നതിനാണ് കർത്താവായ യേശു വന്നത്, ഇതിനായി അവന്റെ ഉള്ളിൽനിന്നുള്ള ദിവ്യജീവനെ വിടുവിക്കേണ്ടതിന് അവൻ തന്റെ ദേഹിജീവനെ വച്ചുകൊടുക്കുകയും, അവന്റെ പുനരുത്ഥാനത്തിൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനത്തിലേക്ക് തന്റെ ദിവ്യജീവനെ അവൻ പകരുകയും ചെയ്തു—മത്താ. 16:24-26; ലൂക്കൊ. 9:24-25.

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

മത്താ. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

മത്താ. 16:26 ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും?

ലൂക്കൊ. 9:24 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ രക്ഷിക്കും.

ലൂക്കൊ. 9:25 ഒരു മനുഷ്യൻ സർവലോകവും നേടിയിട്ട്, തന്നെത്താൻ നഷ്ടമാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്താൽ അവന് എന്തു പ്രയോജനം?

C. ദൈവത്തിന്റെ ഭരണത്തിനുള്ള മണ്ഡലമെന്ന നിലയിൽ ദൈവത്തിന്റെ ജീവനെക്കൊണ്ട് സംരചിക്കപ്പെട്ട ഒരു ജൈവരൂമാണ് ദൈവരാജ്യം, അതിൽ അവൻ തന്റെ ജീവനാൽ വാഴുകയും ദിവ്യജീവനിൽ

ദിവ്യത്രിത്വമെന്ന നിലയിൽ അവനെത്തന്നെ ആവിഷ്കരിക്കുകയും ചെയ്യുന്നു—യോഹ. 3:5; 15:1-8, 26.

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

യോഹ. 15:1 ഞാൻ യഥാർഥ മുന്തിരിവള്ളി ആകുന്നു, എന്റെ പിതാവ് കൃഷിക്കാരനും ആകുന്നു.

യോഹ. 15:2 എന്നിൽ ഫലം കായ്ക്കാത്ത എല്ലാ ശാഖകളെയും അവൻ എടുത്തുകളയുന്നു; ഫലം കായ്ക്കുന്ന എല്ലാ ശാഖകളെയും അത് അധികം ഫലം കായ്ക്കേണ്ടതിന്, അവൻ ചെത്തിവെടിപ്പാക്കുന്നു.

യോഹ. 15:3 ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്ന വചനം നിമിത്തം നിങ്ങൾ ഇപ്പോൾത്തന്നെ വെടിപ്പുള്ളവരാകുന്നു.

യോഹ. 15:4 എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

യോഹ. 15:5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല.

യോഹ. 15:6 ഒരുവൻ എന്നിൽ വസിക്കുന്നില്ലെങ്കിൽ, അവനെ ശാഖ എന്നപോലെ പുറത്തേക്ക് എറിഞ്ഞിട്ട് ഉണങ്ങിപ്പോകുന്നു; അവർ അവയെ ശേഖരിച്ച് തീയിലേക്ക് എറിയുകയും, അവ എരിഞ്ഞുപോകുകയും ചെയ്യുന്നു.

യോഹ. 15:7 നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അതു നിങ്ങൾക്ക് ചെയ്തുതരും.

യോഹ. 15:8 നിങ്ങൾ അധികം ഫലം കായ്ക്കുന്നതിൽ എന്റെ പിതാവ് മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും.

യോഹ. 15:26 എന്നാൽ, ഞാൻ പിതാവിൽനിന്ന് നിങ്ങൾക്ക് അയയ്ക്കുന്ന, പിതാവിൽനിന്ന് പുറപ്പെട്ടുവരുന്ന, യാഥാർഥ്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥൻ വരുമ്പോൾ, അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തും;

D. ദൈവരാജ്യം അതിന്റെ എല്ലാ പ്രവർത്തനങ്ങളോടുംകൂടിയ ജീവന്റെ ആകത്തുകയെന്ന നിലയിൽ ക്രിസ്തുവിലുള്ള ദൈവമാണ്—11:25; 10:10; 14:6.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

യോഹ. 10:10 മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി

ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

E. ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള നിസ്തുലമായ മാർഗം ദൈവത്തെ ജീവനായി സ്വീകരിക്കുകയും ദൈവത്തെത്തന്നെ നേടുകയും ചെയ്യുക എന്നതാണ്; ഇതാണ് വീണ്ടുംജനനം—3:5, 16; 1 യോഹ. 5:11-12:

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

യോഹ. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

1. അതിലേക്ക് പ്രവേശിക്കേണ്ടതിന് ദിവ്യജീവൻ ആവശ്യമായ ഒരു മണ്ഡലമാണ് ദൈവരാജ്യം; തന്മൂലം, നാം ദൈവരാജ്യത്തെ കാണുവാനും അതിലേക്ക് പ്രവേശിക്കുവാനും, ദൈവം വീണ്ടുംജനനം ആവശ്യപ്പെടുന്നു—യോഹ. 3:3, 5.

   യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

   യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

2. വീണ്ടുംജനനത്തിലൂടെ നാം ദൈവജീവനായ ദിവ്യജീവൻ സ്വീകരിക്കുന്നതുകൊണ്ട് വീണ്ടുംജനനമാണ് ദൈവരാജ്യത്തിലേക്കുള്ള നിസ്തുലമായ പ്രവേശനം—വാ. 3, 5, 15.

   യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

   യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

   യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

3. നാം ദൈവരാജ്യത്തിലേക്ക് ജനിച്ചിരിക്കുന്നു; ഇപ്പോൾ നമ്മുടെ ആത്മാവിലുള്ള ദിവ്യജീവൻ ദൈവരാജ്യത്തെ അറിയുന്നു—വാ. 5-6.

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

F. ജീവബോധം നമ്മുടെ ഉള്ളിലുള്ള ദിവ്യജീവന്റെ അനുഭൂതി, അന്തർബോധം ആണ്— റോമ. 8:6; എഫെ. 4:18-19:

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

എഫെ. 4:18 അവർ തങ്ങളുടെ അറിവിൽ ഇരുണ്ടുപോയിട്ട്, തങ്ങളിലുള്ള അജ്ഞത നിമിത്തം, തങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തം തന്നെ, ദൈവജീവനിൽ നിന്ന് അകന്നിരിക്കുന്നു;

എഫെ. 4:19 അവർ മനം തഴമ്പിച്ചവർ ആകയാൽ, അത്യാഗ്രഹത്തിൽ സകല അശുദ്ധിയും പ്രവർത്തിക്കുവാൻ തങ്ങളെത്തന്നെ ദുഷ്കാമത്തിന് ഏൽപ്പിച്ചുകൊടുത്തിരിക്കുന്നു.

1. ജീവബോധത്തിന്റെ ഉറവിടം ദിവ്യജീവനും, ജീവന്റെ പ്രമാണവും, പരിശുദ്ധാത്മാവും, ക്രിസ്തു നമ്മിൽ വസിക്കുന്നതും, ദൈവം നമ്മിൽ വ്യാപരിക്കുന്നതും ആണ്—റോമ. 8:2, 10-11; ഫിലി. 2:13.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്ത്യശരീരങ്ങൾക്കും ജീവൻ നൽകും.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

2. ജീവബോധത്തിൽ മരണത്തിന്റെ അനുഭൂതിയും ജീവന്റെയും സമാധാനത്തിന്റെയും അനുഭൂതിയും ഉൾപ്പെടുന്നു—റോമ. 8:6; യെശ. 26:3.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

യെശ. 26:3 സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു.

3. ജീവബോധം നാം ജീവിക്കുന്നത് സ്വാഭാവിക ജീവനിലാണോ അതോ ദിവ്യ ജീവനിലാണോ എന്നും, നാം ജീവിക്കുന്നത് ജഡത്തിലാണോ അതോ ആത്മാവിലാണോ എന്നും നമ്മെ അറിയുമാറാക്കുന്നു—റോമ. 8:6.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

4. ഒട്ടിച്ചുചേർക്കപ്പെട്ട ഒരു ജീവിതം നയിക്കുവാൻ, ശരിയുടെയും തെറ്റിന്റെയും തത്ത്വപ്രകാരമല്ല, ജീവന്റെ തത്ത്വപ്രകാരമാണ് നാം ജീവിക്കേണ്ടത്—ഉല്പ. 2:9, 16-17; 2 കൊരി. 11:2-3.

ഉല്പ. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

ഉല്പ. 2:16 യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചതു എന്തെന്നാൽ: തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടംപോലെ തിന്നാം.

ഉല്പ. 2:17 എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു; തിന്നുന്ന നാളിൽ നീ മരിക്കും.

2 കൊരി. 11:2 എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമലകന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു.

2 കൊരി. 11:3 എന്നാൽ സർപ്പം തന്റെ കൗശലത്താൽ ഹവ്വയെ വഞ്ചിച്ചതുപോലെ, നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിനോടുള്ള ലാളിത്യത്തിലും നിർമലതയിലും നിന്ന് ഏതെങ്കിലും വിധത്തിൽ ദുഷിക്കപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

5. നാം ജീവബോധത്തെ പിന്തുടരണമെങ്കിൽ, ദിവ്യപകർച്ചയിലുള്ള ഒരു സാധാരണ ജീവിതം നയിച്ചുകൊണ്ട് നാം ശാന്തവും, സ്ഥിരതയുള്ളതും, സാവധാനവുമായ രീതിയിൽ ജീവിക്കണം—യോഹ. 14:27; 16:33; 1 തെസ്സ. 5:23; 2 തെസ്സ. 3:16; യെശ. 30:15; 32:17.

യോഹ. 14:27 സമാധാനം ഞാൻ നിങ്ങൾക്കു തന്നിട്ടുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം നിങ്ങൾക്കു തരുന്നതുപോലെയല്ല ഞാൻ തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങുവാനും ഭയപ്പെടുവാനും ഇടവരരുത്.

യോഹ. 16:33 നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടായിരിക്കേണ്ടതിന് ഈ കാര്യങ്ങൾ ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്ക് ക്ലേശം ഉണ്ട്, എന്നാൽ ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

1 തെസ്സ. 5:23 അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

2 തെസ്സ. 3:16 സമാധാനത്തിന്റെ കർത്താവു തന്നെ സകല വിധത്തിലും തുടർമാനമായി നിങ്ങൾക്ക് സമാധാനം നൽകുമാറാട്ടെ. കർത്താവ് നിങ്ങളെല്ലാവരോടും കൂടെയിരിക്കട്ടെ.

യെശ. 30:15 യിസ്രായേലിന്റെ പരിശുദ്ധനായി യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: മനന്തിരിഞ്ഞു അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം; എങ്കിലും നിങ്ങൾക്കു മനസ്സാകാതെ:

യെശ. 32:17 നീതിയുടെ പ്രവൃത്തി സമാധാനവും നീതിയുടെ ഫലം ശാശ്വതവിശ്രാമവും നിർഭയതയും ആയിരിക്കും.

6. ജീവബോധം നമ്മെ വഴികാട്ടുകയും, നമ്മെ ഭരിക്കുകയും, നമ്മെ നിയന്ത്രിക്കുകയും, നമ്മെ നിർദേശിക്കുകയും ചെയ്യുന്നു—ലൂക്കൊ. 1:79; റോമ. 3:17; സദൃ. 21:1.

ലൂക്കൊ. 1:79 അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവരുടെമേൽ പ്രകാശിക്കുവാനും, സമാധാനത്തിന്റെ വഴിയിലേക്ക് നമ്മുടെ കാലുകളെ വഴികാട്ടുവാനും തന്നെ.

റോമ. 3:17 സമാധാനത്തിന്റെ മാർഗം അവർ അറിഞ്ഞിട്ടുമില്ല.

സദൃ. 21:1 രാജാവിന്റെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോടുകണക്കെ ഇരിക്കുന്നു; തനിക്കു ഇഷ്ടമുള്ളേടത്തേക്കൊക്കെയും അവൻ അതിനെ തിരിക്കുന്നു.

G. ദിവ്യ ജീവൻ ഉള്ളവനും ജീവൻ തന്നെയുമായ പുത്രനിലേക്ക് വിശ്വസിക്കുന്നതിലൂടെ വിശ്വാസികൾ ദിവ്യജീവൻ സ്വീകരിക്കുകയും, ദൈവത്തിൽനിന്ന് ജനിക്കുന്നതിലൂടെ അവർ ആത്മാവിൽനിന്ന് ജനിക്കുകയും ചെയ്യുന്നു—യോഹ. 3: 6.

യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

H. വിശ്വാസികൾക്ക് ജീവനുള്ളത് ദൈവത്തിൽനിന്ന് പിരിഞ്ഞ് തങ്ങളിൽത്തന്നെയല്ല, പിന്നയോ കർത്താവുമായുള്ള ജൈവിക ഐക്യത്തിലാണ്; അതായത്, ക്രിസ്തുവിൽ മാത്രമാണ് അവർക്ക് ജീവനുള്ളത്—15:4-5; റോമ. 8:2.

യോഹ. 15:4 എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

യോഹ. 15:5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു.

ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

I. വിശ്വാസികളിലുള്ള ദിവ്യജീവൻ ക്രിസ്തുവിന്റെ ശരീരത്തിന്റെ ജീവനാണ്; അതിനാൽ അത് ഒരു വ്യക്തിഗത ജീവനല്ല, പിന്നയോ ശരീരത്തിൽ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന ശരീരത്തിന്റെ ജീവനായ ക്രിസ്തു എന്ന സംഘാത ജീവനാണ്—1 കൊരി. 12:26-27; കൊലൊ. 3:4.

1 കൊരി. 12:26 ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു.

1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

J. നിത്യതയോളം വിശ്വാസികൾ ദൈവജീവൻ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യും—വെളി. 22:2.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.

K. ദിവ്യജീവനിൽ വളരുക എന്നത് ദൈവത്തിന്റെ മൂലകത്തിന്റെ വർധനവും, ക്രിസ്തുവിന്റെ വലുപ്പത്തിന്റെ വർധനവും, പരിശുദ്ധാത്മാവിന്റെ വികാസവുമാണ്—എഫെ. 4:15-16.

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

L. ദിവ്യജീവനിലുള്ള വളർച്ച മനുഷ്യ മൂലകത്തിന്റെ കുറവും, സ്വാഭാവിക ജീവന്റെ തകർച്ചയും, ദേഹിയുടെ എല്ലാ ഭാഗത്തിന്റെയും കീഴ്പ്പെടലും ആണ്—1 പത്രൊ. 2:2; 2 പത്രൊ. 3:18; കൊലൊ. 2:19.

1 പത്രൊ. 2:2 കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ,

2 പത്രൊ. 3:18 എന്നാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും നിത്യതയുടെ നാളോളവും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ

ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

**II. ദൈവരാജ്യം ദിവ്യ ജീവന്റെയും ദിവ്യ ആധിപത്യത്തിന്റെയും മണ്ഡലം മാത്രമല്ല, പിന്നെയോ എല്ലാ ദിവ്യ കാര്യങ്ങളുമുള്ള ദിവ്യ വർഗത്തിന്റെ മണ്ഡലം കൂടിയാണ്—യോഹ. 3:3, 5; 18:36:**

യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

യോഹ. 18:36 യേശുവോ, എന്റെ രാജ്യം ഈ ലോകത്തിൽ നിന്നല്ല. എന്റെ രാജ്യം ഈ ലോകത്തിൽനിന്ന് ആയിരുന്നെങ്കിൽ, ഞാൻ യെഹൂദന്മാർക്ക് ഏൽപ്പിക്കപ്പെടാതിരിക്കേണ്ടതിന് എന്റെ പരിചാരകന്മാർ പോരാടുമായിരുന്നു; എന്നാൽ അങ്ങനെതന്നെ, എന്റെ രാജ്യം ഇവിടെനിന്നല്ല എന്ന് ഉത്തരം പറഞ്ഞു.

A. യോഹന്നാൻ 3-ലെ ദൈവരാജ്യം ദൈവത്തിന്റെ വാഴ്ചയെക്കാളുപരി ദൈവവർഗത്തെയാണ് പരാമർശിക്കുന്നത്.

John 3 be omitted.

B. മനുഷ്യവർഗത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം മനുഷ്യനായിത്തീർന്നു; ദിവ്യവർഗത്തിലേക്ക് പ്രവേശിക്കുവാൻ മനുഷ്യൻ, ദൈവത്വത്തിലല്ല, ജീവനിലും പ്രകൃതത്തിലും ദൈവമായിത്തീരുന്നു—1:1, 12-14; 2 പത്രൊ. 1:4.

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

C. ദിവ്യ മണ്ഡലത്തിലേക്ക്, ദിവ്യ വർഗത്തിന്റെ മണ്ഡലത്തിലേക്ക്, പ്രവേശിക്കുന്നതിന് ദിവ്യജീവനും ദിവ്യപ്രകൃതവും ഉണ്ടായിരിക്കുവാൻ നാം

ദൈവത്തിൽനിന്ന് ജനിക്കേണ്ടതാവശ്യമാണ്—യോഹ. 1:12-13; 3:3, 5-6; 2 പത്രൊ. 1:4:

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

1. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മനുഷ്യന്റെ തരത്തിനൊത്തവണ്ണമല്ല, മറിച്ച് ദൈവത്തിന്റെ തരം, ദൈവത്തിന്റെ വർഗം ആയിരിക്കുവാൻ അവന്റെ സ്വരൂപത്തിലും അവന്റെ സാദൃശ്യപ്രകാരവുമാണ്—ഉല്പ. 1:26.

    ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

2. ദൈവത്വത്തിലല്ല, ദൈവത്തിന്റെ ജീവനിലും പ്രകൃതത്തിലുമുള്ള ദൈവമക്കളായിരിക്കുന്നതിന് വീണ്ടുംജനനത്തിലൂടെ ദൈവത്തിൽനിന്ന് ജനിച്ച വിശ്വാസികൾ, ആദാം ആയിരുന്നതിനെക്കാളധികമായി ദൈവത്തിന്റെ തരത്തിലാണ്—യോഹ. 1:12-13:

    യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

    യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

    a. ആദാമിന് ആന്തരിക യാഥാർഥ്യമില്ലാതെ ദൈവത്തിന്റെ ബാഹ്യ ദൃഷ്ടഭാവം മാത്രമേ ഉണ്ടായിരുന്നുള്ളൂ—വാ. 12-14.

        യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും,

അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

b. ക്രിസ്തുവിലുള്ള വിശ്വാസികളും ദൈവമക്കളുമായ നമുക്ക്, ദിവ്യജീവന്റെ യാഥാർഥ്യമുണ്ട്; നമ്മുടെ മുഴുവൻ ആളത്തത്തിൽ നാം കർത്താവിന്റെ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുകയും അനുരൂപപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു—2 കൊരി. 3:18; റോമ. 12:2; 8:29.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

c. വീണ്ടുംജനനം എന്ന നമ്മുടെ രണ്ടാമത്തെ ജനനം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാനും ദൈവർഗമായിത്തീരുവാനും നമ്മെ ഇടയാക്കി—യോഹ. 3:3, 5-6.

യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

d. എല്ലാ ദൈവമക്കളും ദിവ്യവർഗത്തിന്റെ ദിവ്യ മണ്ഡലത്തിലാണ്—1:12-13; 3:3, 5.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

e. വിശ്വാസികൾ ദിവ്യവർഗത്തിൽ, അതായത് ദൈവരാജ്യത്തിൽ, ദൈവ-മനുഷ്യരാണ്—1 യോഹ. 3:1; യോഹ. 1:12-13; 3:3, 5.

1 യോഹ. 3:1 ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

D. യോഹന്നാന്റെ സുവിശേഷത്തിൽ, ദിവ്യവർഗത്തിന്റെ മണ്ഡലമായ ദൈവരാജ്യത്തിൽ വിശ്വാസികൾ ജീവിക്കുന്നതിന്റെ വിവിധ വശങ്ങൾ നാം കാണുന്നു:

1. "അവന്റെ നിറവിൽനിന്ന് നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു"—1:16.

2. "ഞാൻ അവന് നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും"—4:14.
3. "എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും"—6:57.
4. "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചിരിക്കുന്നു; എന്റെ സ്നേഹത്തിൽ വസിക്കുവിൻ"—15:9.
5. "എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കേണ്ടതിനും നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനും വേണ്ടി ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് സംസാരിച്ചിരിക്കുന്നു"—വാ. 11.
6. "സത്യം പ്രവർത്തിക്കുന്നവൻ അവന്റെ പ്രവൃത്തികൾ ദൈവത്തിൽ പണിതുചേർക്കപ്പെട്ടിരിക്കുന്നു എന്ന് വെളിവാകുവാൻ തക്കവണ്ണം വെളിച്ചത്തിലേക്ക് വരുന്നു"—3:21.
7. "സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു. ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധ്യതയിലും ആരാധിക്കണം"—4:23-24.
8. "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അത് നിങ്ങൾക്ക് ചെയ്തുതരും"—15:7.
9. "ആ നാളിൽ ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്ന് നിങ്ങൾ അറിയും"—14:20.
10. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്നേഹിക്കുവിൻ"—15:12.

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ**:
**ജീവനും രാജ്യവും**
തിരുവെഴുത്ത് വായന: മത്താ. 5:20, 48; 7:21; 19:23-26; യോഹ. 3:3; വെളി. 22:1-2

തുടക്കം മുതൽ അവസാനം വരെയുള്ള തിരുവെഴുത്തുകൾ ജീവനെ അധികാരവുമായി ബന്ധപ്പെടുത്തുന്നു. മനുഷ്യനെ ആദ്യം പരാമർശിക്കുമ്പോൾ, ഈ രണ്ട് കാര്യങ്ങളെയും അവതരിപ്പിച്ചിരിക്കുന്നു. ഉല്പത്തി ഒന്നാം അധ്യായത്തിൽ അധികാരത്തെക്കുറിച്ചുള്ള ചോദ്യം ഉയർന്നുവന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവൻ പറഞ്ഞു: "സമുദ്രത്തിലെ മത്സ്യത്തിന്മേലും, ആകാശത്തിലെ പറവജാതിയിന്മേലും, സകല ഭൂചരജന്തുവിന്മേലും വാഴുവിൻ" (വാ. 28). ദൈവം ആദാമിനെ സൃഷ്ടിച്ച ഉടനെ, മുഴുവൻ ഭൂമിയെയും ഭരിക്കുവാനുള്ള അവകാശം അവന്റമേൽ അവൻ ചൊരിഞ്ഞു. എന്നാൽ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവത്തിനും മനുഷ്യനും ഇടയിൽ സംഭവിച്ചതെല്ലാം ഉല്പത്തി 1 നമ്മോട് പറയുന്നില്ല, അതിനാൽ ഉല്പത്തി 2 വിവരണത്തെ അനുബന്ധപ്പെടുത്തുന്നു. മനുഷ്യൻ ദൈവത്തിനുവേണ്ടി ഭൂമിയിൽ ആധിപത്യം പ്രയോഗിക്കണമെന്ന് ദൈവം ആഗ്രഹിച്ചുവെന്ന് ഉല്പത്തി 1 നമ്മോട് പറയുന്നു;

ദൈവത്തിനുവേണ്ടി അധികാരം പ്രയോഗിക്കുന്ന ഈ മനുഷ്യൻ എന്തു തരം മനുഷ്യനായിരിക്കണമെന്നും അത് നമ്മോട് പറയുന്നു. അവൻ "ദൈവത്തിന്റെ സ്വരൂപത്തിൽ" ആയിരിക്കണം (വാ. 27). ആധിപത്യത്തിലുള്ള ഈ മനുഷ്യനെ നിങ്ങൾ കാണുമ്പോൾ, നിങ്ങൾ ദൈവത്തെത്തന്നെ കണ്ടതുപോലെ ആയിരിക്കത്തക്കവണ്ണം, ദൈവത്തിനുവേണ്ടി ഭൂമിയെ ഭരിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ "സാദൃശ്യ"പ്രകാരമുള്ള (വാ. 26)—അതായത്, ദൈവത്തെപ്പോലെയുള്ള, ഒരു മനുഷ്യനായിരിക്കണം. ദൈവത്തിനുവേണ്ടി ഭൂമിയെ ഭരിക്കേണ്ട മനുഷ്യൻ കേവലം അധികാരം പ്രയോഗിക്കുന്നവനല്ല; അവൻ ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയിൽ അധികാരം പ്രയോഗിക്കുന്ന ഒരുവനാണ്. അതൊരു ഭയങ്കരമായ കാര്യമാണ്. അത് അതീതമായ ഒരു കാര്യമാണ്, അതിന്റെ നിർവഹണത്തിനുവേണ്ടി അത് അതീതമായ ഒരു ജീവൻ ആവശ്യപ്പെടുന്നു. ഒരു അമാനുഷിക ജോലിക്ക് അമാനുഷിക ജീവൻ ആവശ്യമാണ്. മനുഷ്യൻ ദൈവത്തെ പ്രതിനിധീകരിക്കുകയും ഭൂമിയിൽ ദൈവത്തിനുവേണ്ടി ആധിപത്യം പ്രയോഗിക്കുകയും ചെയ്യണമെങ്കിൽ, മനുഷ്യന് ഒരു അമാനുഷിക ജീവൻ ഉണ്ടായിരിക്കണം എന്ന കാര്യം നാം ഗ്രഹിക്കുന്നത് അനിവാര്യമാണ്. തന്റേതായ സ്വാഭാവിക ജീവന്റെ ബലത്തിൽ അവന് ഇത്രയും വലിയ ഒരു ഉത്തരവാദിത്വം വഹിക്കുവാൻ തീർച്ചയായും കഴിയുകയില്ല. അവൻ ദിവ്യ അധികാരം പ്രയോഗിക്കുകയും ഒരു ദിവ്യ പ്രതിനിധിയായിരിക്കുകയും ചെയ്യണമെങ്കിൽ, അവൻ ദിവ്യജീവൻ സ്വന്തമാക്കണം.

അതുകൊണ്ട്, ഉല്പത്തി 1 ദിവ്യ സാദൃശ്യത്തിലും ദിവ്യ അധികാരത്തിന്റെ പ്രയോഗത്തിലും ഒരു മനുഷ്യനെ അവതരിപ്പിച്ചയുടനെ, ഉല്പത്തി 2 ജീവവൃക്ഷത്തെ അവതരിപ്പിക്കുന്നു. ദിവ്യജീവൻ സ്വന്തമാക്കുവാനും അതുവഴി തന്റെ ശുശ്രൂഷയുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാൻ പ്രാപ്തനാക്കപ്പെടുകയും ചെയ്യത്തക്കവണ്ണം മനുഷ്യൻ ജീവവൃക്ഷത്തിൽ പങ്കുചേരണമെന്ന് ദൈവം സൂചിപ്പിക്കുകയായിരുന്നു. ദൈവത്തിന്റെ സൃഷ്ടിക്കപ്പെടാത്ത ജീവനു മാത്രമേ ഒരു മനുഷ്യ സൃഷ്ടിയിൽ പ്രവേശിക്കുവാൻ കഴിയുമായിരുന്നുവെങ്കിൽ, ആ മനുഷ്യസൃഷ്ടി സൃഷ്ടിയുടെ കർത്താവിനെ പ്രതിനിധീകരിക്കുവാൻ പ്രാപ്തനായിരിക്കുകയും, ആ മനുഷ്യസൃഷ്ടി സൃഷ്ടിയുടെ കർത്താവിനുവേണ്ടി ഭൂമിയെ ഭരിക്കുവാൻ പ്രാപ്തനായിരിക്കുകയും ചെയ്യും.

തുടക്കത്തിൽത്തന്നെ വേദപുസ്തകം അധികാരത്തെയും ജീവനെയും ബന്ധിപ്പിച്ചിരിക്കുന്നത് നിങ്ങൾ കാണുന്നുവോ? വേദപുസ്തകത്തിന്റെ അവസാനത്തിൽ ഇവ രണ്ടും അപ്പോഴും ബന്ധപ്പെട്ടിരിക്കുന്നു. വെളിപ്പാടിന്റെ അവസാനത്തെ രണ്ട് അധ്യായങ്ങളിൽ, സിംഹാസനത്തിൽനിന്ന് പുറപ്പെടുന്ന ജീവനെ നിങ്ങൾ കാണുന്നു—സിംഹാസനം അധികാരത്തെ പ്രതിനിധീകരിക്കുന്നു (22:1-2). അധികാരത്തിന്റെ ഈ കാര്യം പൂർണമായും ജീവന്റെ ഒരു കാര്യമാണ്. നിങ്ങൾക്ക് ജീവനുണ്ടെങ്കിൽ, നിങ്ങൾക്ക് അധികാരമുണ്ട്. “ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല,” “ജലത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല” (യോഹ.3:3, 5). നമുക്ക് രാജ്യത്തിൽ പങ്കുണ്ടായിരിക്കണമെങ്കിൽ നാം പുതുതായി ജനിക്കണം. നാം പ്രകൃതത്താലുള്ള ജീവനല്ലാത്ത മറ്റൊരു ജീവന്റെ ഉടമകളായിത്തീരണം. പഴയനിയമ ദൃഷ്ടാന്തം ഉപയോഗിച്ചാൽ, ഉല്പത്തി 1-ലെ ആദാം തന്റെ ഭൗമിക ജീവനോടുകൂടെ ഉല്പത്തി 2-ലെ സ്വർഗീയ ജീവൻ സ്വീകരിക്കണം. നാം പാപം ചെയ്തതുകൊണ്ട് നാം വീണ്ടും ജനിക്കണമെന്ന്

ചിന്തിക്കരുത്. സ്വാഭാവിക ജനനത്താൽ നമുക്ക് ലഭിക്കാത്ത ഒരു ജീവൻ നാം സ്വന്തമാക്കേണ്ടതുകൊണ്ട് നാം വീണ്ടും ജനിക്കണം. തീർച്ചയായും, പാപികൾ വീണ്ടും ജനിക്കേണ്ടതാവശ്യമാണ്, എന്നാൽ മനുഷ്യൻ വീണുപോയിരുന്നില്ലെങ്കിലും, പുതിയ ജനനം അപ്പോഴും ആവശ്യമായിരുന്നു. ദൈവരാജ്യത്തിൽ പങ്കാളിയാകുവാൻ നിക്കോദേമൊസ് ദൈവജീവൻ സ്വീകരിക്കേണ്ടതാവശ്യമാണെന്ന് നമ്മുടെ കർത്താവ് അവനോടു പറഞ്ഞു. ഇവിടെയും ജീവനും രാജ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതായി നിങ്ങൾ കാണുന്നുവോ?

നിങ്ങൾ ഇങ്ങനെ പറഞ്ഞേക്കാം: "ഓ, എല്ലാം വളരെ നല്ലതാണ്, എന്നാൽ എല്ലാം എനിക്ക് അപ്പുറമാണ്. ദൈവത്തിന്റെ അധികാരത്തിന് കീഴടങ്ങുവാൻ ഞാൻ വാസ്തവമായി ആഗ്രഹിക്കുന്നു, പക്ഷേ എനിക്ക് കഴിയുന്നില്ല. ഞാൻ വളരെ ബലഹീനനാണ്." അതെ, നാം എല്ലാവരും വളരെ ബലഹീനരാണ്, കാരണം നാം എല്ലാവരും ആദാമിന്റെ മക്കളാണ്; നാം എല്ലാവരും പൊടിയുടെ മക്കളാണ്; നാം എല്ലാവരും വളരെ മണ്ണാണ്. മൺപാത്രങ്ങൾ വളരെ ലോലമാണ്. ഒരു ചെറിയ മുട്ടിനാൽ അവ കഷണങ്ങളായിപ്പോകുന്നു. ഇങ്ങനെയാണ് നാം എല്ലാവരും. നാം ദുർബല ജീവികൾ മാത്രമല്ല; നാം വീണുപോയ സൃഷ്ടികളുമാണ്. പ്രകൃതത്താൽ നാം മത്സരികളാണ്. ദൈവത്തിന് കീഴടങ്ങുന്ന കാര്യത്തിൽ നമുക്ക് ബലമില്ല, എന്നാൽ അവനെതിരെ മത്സരിക്കുന്ന കാര്യത്തിൽ നമുക്ക് ധാരാളം ബലമുണ്ട്. നമ്മുടെ സ്വാഭാവിക ജീവൻ ഒരു മത്സരജീവനാണെന്നും ദൈവത്തിന് കീഴടങ്ങുവാൻ അതിന് കഴിയുകയില്ലെന്നും നാം ഏറ്റുപറയണം. നമ്മുടെ സ്വാഭാവിക ജനനത്താൽ നമുക്കുള്ള ജീവൻ അവന്റെ അധികാരത്തിന് വഴങ്ങുവാൻ പൂർണമായും അപ്രാപ്തമാണ്. ദൈവത്തിന്റെ ഭരണകൂടത്തിൻ കീഴിൽ വരുന്ന കാര്യത്തിൻ നമ്മുടെ സ്വാഭാവിക ജീവൻ അപ്രാപ്തമാണ്, മൊത്തത്തിൽ അപ്രാപ്തമാണ്. രാജ്യത്തെക്കുറിച്ച് കർത്താവ് സംസാരിക്കുന്നത് ശിഷ്യന്മാർ കേട്ടപ്പോൾ അവർ നെടുവീർപ്പിട്ടുകൊണ്ട് പറഞ്ഞു: "ആർക്ക് കഴിയും?" കർത്താവ് മറുപടി പറഞ്ഞു: "മനുഷ്യർക്ക് ഇത് അസാധ്യമാണ്."

ഞാനിവിടെ ഒരു ദൃഷ്ടാന്തം ഉപയോഗിക്കട്ടെ. ഒരു നായയ്ക്ക് പറക്കുവാൻ കഴിയുകയില്ല. ഒരു നായയെ സംബന്ധിച്ചിടത്തോളം, പറക്കൽ തികച്ചും അസാധ്യമാണ്. എന്നാൽ ഒരു നായയ്ക്ക് ചെയ്യുവാൻ കഴിയാത്തത് ഒരു പക്ഷിക്ക് എളുപ്പത്തിൽ ചെയ്യുവാൻ കഴിയും. ആകാശത്തിലേക്ക് പറന്നുയരുക എന്നത് ഒരു പക്ഷിക്ക് ഏറ്റവും ലളിതമായ കാര്യമാണ്. ഒരു നായയുടെ ജീവൻ പറക്കുവാൻ കഴിയാത്ത ഒരു ജീവനാണ്; പക്ഷിയുടെ ജീവൻ അനായാസം പറക്കുന്ന ജീവനാണ്. പക്ഷിക്ക് പറക്കുന്ന തരം പ്രകൃതമുണ്ട്, അതിനെ പറക്കുവാൻ നിങ്ങൾ അനുവദിച്ചില്ലെങ്കിൽ അത് കഠിനമായി കഷ്ടപ്പെടും. എന്നാൽ നായയെ സംബന്ധിച്ചിടത്തോളം, അത് ഒരു കുഴിയിലേക്ക് ഇഴയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അതിന് അത് ചെയ്യുവാൻ കഴിയും, അത് ഒരു കുന്നിൻ മുകളിൽ കയറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അതും അതിന് ചെയ്യുവാൻ കഴിയും. എന്നാൽ പറക്കുവാൻ അതിനോട് ആവശ്യപ്പെടുന്നുവെങ്കിൽ അതിന് കഴിയുകയില്ല. ഇത് ജീവന്റെ ഒരു കാര്യമാണ്. നമ്മുടെ ദുഷിച്ച സ്വാഭാവിക ജീവന് ദൈവത്തിന് കീഴടങ്ങുവാൻ കഴിയുകയില്ല. അതിനായി മറ്റൊരു ജീവൻ ആവശ്യമാണ്. നമുക്ക് ദൈവത്തിന്റെ ജീവൻ ആവശ്യമാണ്. മുമ്പ് മനുഷ്യന് അസാധ്യമായിരുന്നത് ഇപ്പോൾ സാധ്യമായിത്തീരത്തക്കവണ്ണം ദൈവം മനുഷ്യനിലേക്ക് വരുന്നതാണ് വീണ്ടുംജനനം. "ദൈവത്തിന് സകലവും

സാധ്യമാണ്" (മത്താ. 19:26). അധികാരവുമായുള്ള നമ്മുടെ പ്രശ്നം ദൈവത്തിന് ഒരു പ്രശ്നമല്ല. നമുക്ക് അവന്റെ ജീവനുള്ളപ്പോൾ, അവന്റെ അധികാരത്തിൻ കീഴിൽ വരുന്നത് ഏറ്റവും സ്വാഭാവികമായ കാര്യമാണ്. ഒരു പക്ഷി പറക്കുന്നതുപോലെ അത് സ്വതസിദ്ധമാണ്. നമ്മുടെ ഉള്ളിലുള്ള ദിവ്യ ജീവനെ നാം അടിച്ചമർത്തുകയും ദിവ്യ അധികാരത്തിന് കീഴ്പ്പെടുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കൂട്ടിലടയ്ക്കപ്പെട്ട ഒരു പക്ഷി കഷ്ടപ്പെടുന്നതുപോലെ നാം കഷ്ടപ്പെടും. എന്നാൽ നാം ദിവ്യ നിയന്ത്രണത്തിനു സമർപ്പിക്കുമ്പോൾ, നാം അത്ഭുതകരമായി വിടുവിക്കപ്പെടുന്നു. നാം എത്രയധികം സമർപ്പിക്കുന്നുവോ അത്രയധികം നാം വിടുവിക്കപ്പെടുന്നു. യെശയ്യാവ് പറയുന്നതുപോലെ, "കഴുകന്മാരെപ്പോലെ ചിറകടിച്ചുകയറുവാൻ" നമുക്ക് കഴിയും (യെശ. 40:31). സഹോദരീ സഹോദരന്മാരേ, രാജ്യത്തിന്റെ മുഴുവൻ വിഷയവും ജീവന്റെ ഒരു വിഷയമാണെന്ന് നിങ്ങൾ കാണുന്നുണ്ടോ?

രാജ്യത്തിന്റെ ആവശ്യങ്ങൾ ഭയങ്കരമാണ്, എന്നാൽ ദിവ്യജീവന്റെ വ്യവസ്ഥ, കരുതൽ അതിന്റെ എല്ലാ ആവശ്യങ്ങൾക്കും തുല്യമാണ്. ഒരു സമ്പൂർണ സുവിശേഷം രാജ്യത്തെ അതിന്റെ ആവശ്യകതകളോടുകൂടെ അവതരിപ്പിക്കുന്നു. മലിനതയിൽനിന്ന് ശുദ്ധീകരിക്കപ്പെടുവാനുള്ള വിലയേറിയ രക്തത്തെയും നമ്മെ രാജ്യത്തിൽ പങ്കാളികളാക്കുന്ന ശക്തി നൽകുന്ന ജീവനെയും അത് അവതരിപ്പിക്കുന്നു. ഈ മൂന്ന് കാര്യങ്ങൾ സുവിശേഷം അവതരിപ്പിക്കുന്നു—രാജ്യവും, രക്തവും ജീവനും. രാജ്യം അതിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നു, എന്നാൽ വിലയേറിയ രക്തം മുഖാന്തരം വരുന്ന ശുദ്ധീകരണത്താലും, ദിവ്യജീവൻ മുഖാന്തരം വരുന്ന ശക്തിയാലും, സ്വഭാവത്താൽ വീണുപോയ സൃഷ്ടികളായ നമുക്കുപോലും രാജ്യജീവിതം നയിക്കുവാൻ കഴിയും. ദൈവം തന്നെയായ ജീവന്റെ ഉറവിടം നമ്മുടെ ഉള്ളിൽ ഉള്ളതിനായി ദൈവത്തെ സ്തുതിക്കുക! ആവശ്യങ്ങൾ ഉന്നയിക്കുന്ന സിംഹാസനത്തിലിരിക്കുന്ന ദൈവം തന്നെയാണ് അവന്റെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നവൻ. നാം അവനു വിധേയരായിരിക്കണമെന്ന് സിംഹാസനത്തിൽനിന്നും അവൻ ആവശ്യപ്പെടുകയും, അവന് കീഴടങ്ങുവാൻ കഴിയുന്ന ജീവൻ ഉള്ളിൽനിന്നും അവൻ നൽകുകയും ചെയ്യുന്നു. ഇതിന് നമ്മുടെ ബലം ആവശ്യപ്പെടുന്നില്ല, എന്നാൽ ഇതിന് നമ്മുടെ സഹകരണം ആവശ്യമാണ്. നാം ചെയ്യേണ്ട ആവശ്യമില്ല, എന്നാൽ നമുക്കുവേണ്ടി ചെയ്യുവാൻ അവനെ അനുവദിക്കേണ്ട ആവശ്യമുണ്ട്. അല്ലാത്തപക്ഷം, രാജ്യത്തിന്റെ ആവശ്യങ്ങൾ എങ്ങനെ നിറവേറ്റുവാൻ കഴിയും? ഈ ഗൗരവമുള്ള ആവശ്യങ്ങൾ ശ്രദ്ധിക്കുക: "'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്' എന്ന് അരുളിച്ചെയ്തതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ദുഷ്ടനെ ചെറുക്കരുത്. മറിച്ച് നിന്റെ വലതു കവിളത്തടിക്കുന്നവന് നിന്റെ മറു കവിളുംകൂടി തിരിച്ചു കാണിക്കുക. നിന്നോടു വ്യവഹരിച്ച് നിന്റെ ഉള്ളുടുപ്പ് എടുക്കുവാൻ ഇച്ഛിക്കുന്നവന് നിന്റെ മേലങ്കി കൂടി വിട്ടുകൊടുക്കുക" (മത്താ. 5:38-40). എന്റെ ചെറുപ്പത്തിൽ, ആ വാക്കുകൾ വായിച്ചപ്പോൾ, ഞാൻ ചിന്തിച്ചു: "അയ്യോ, എനിക്ക് അത് തീർച്ചയായും ചെയ്യുവാൻ കഴിയുകയില്ല. എന്റെ ജീവിതത്തിൽ ഒരിക്കലും ഞാൻ അതിന് പ്രാപ്തനായിരിക്കുകയില്ല, അതിനാൽ ഒരു ക്രിസ്ത്യാനിയായിരിക്കുന്നത് ഞാൻ ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്. എനിക്ക് ഒരു വ്യാജ ക്രിസ്ത്യാനിയായിരിക്കുവാനും ഒരു സത്യക്രിസ്ത്യാനിയായിരിക്കുവാനും കഴിയുകയില്ല, അതിനാൽ ഒരു ക്രിസ്ത്യാനിയായിരിക്കുവാനേ എനിക്ക് കഴിയുകയില്ല. പുറത്തേക്ക് വഴിയൊന്നുമില്ല." എന്നാൽ ഒരു ശബ്ദം എന്റെ ഉള്ളിൽ എന്നോടു പറഞ്ഞു:

"നിനക്ക് ഒരു ക്രിസ്ത്യാനിയായിരിക്കാതെ നിവൃത്തിയില്ല." ഞാൻ പിന്തിരിയുവാൻ ആഗ്രഹിച്ചു, എന്നാൽ എനിക്ക് പിന്തിരിയുവാൻ കഴിയുമായിരുന്നില്ല; മുന്നോട്ട് പോകുവാൻ ഞാൻ ആഗ്രഹിച്ചു, എന്നാൽ എനിക്ക് മുന്നോട്ടുപോകുവാനും കഴിഞ്ഞില്ല. ഓ, അതിന്റെ ദുരിതം! നീണ്ട ഒരു സമയം ഞാൻ വലിയ ആശയക്കുഴപ്പത്തിലായിരുന്നു, എന്നാൽ ഒരു ദിവസം ഞാൻ ചെയ്യുവാൻ ശ്രമിക്കുന്നത് തികച്ചും അസാധ്യമാണെന്ന് ദൈവം എനിക്ക് കാണിച്ചുതന്നു, ഞാൻ ഒരിക്കലും ശ്രമിക്കണമെന്ന് അവൻ ആഗ്രഹിച്ചിരുന്നില്ല. ഇതിലേക്ക് എത്തുന്നതിനെക്കുറിച്ച് സങ്കൽപ്പിക്കുക: "ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ" (വാ. 48). ആ ദിവസം വെളിച്ചം ഉദിച്ചു, ദൈവം എന്റെ പിതാവാണെന്നും, എന്നിലുള്ള പിതാവിന്റെ ജീവൻ എന്നെപ്പോലും തികഞ്ഞവനായിരിക്കുവാൻ പ്രാപ്തനാക്കുമെന്നതിനാൽ ദൈവത്തെ സ്തുതിക്കുവാൻ എനിക്ക് കഴിഞ്ഞു. നമ്മുടെ കഴിവിന്റെ കാര്യമല്ല, മറിച്ച് അവന്റെ ചെയ്തിക്ക് നമ്മുടെ സമ്മതം നൽകുക എന്നതാണ് കാര്യം. നാം സമ്മതം നൽകുന്നില്ലെങ്കിൽ അവൻ ബലഹീനനാണ്. അവിടെയാണ് പലപ്പോഴും പ്രശ്നം കിടക്കുന്നത്—അവൻ മനസ്സുള്ളവനാണ്, നാം മനസ്സുള്ളവരല്ല.

നിങ്ങൾ കാണുന്നുണ്ടോ? രാജ്യത്തിന്റെ ആവശ്യകതകൾ ഒരിക്കലും മനുഷ്യന് സന്ധിക്കുവാൻ കഴിയുകയില്ല, മനുഷ്യൻ അവ സന്ധിക്കണമെന്ന് ദൈവം ഒരിക്കലും പ്രതീക്ഷിച്ചുമില്ല. അവൻ ആവശ്യങ്ങൾ ഉന്നയിക്കുന്നു, അവൻതന്നെ നിറവേറ്റുന്നു—അതാണ് പുതിയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന കൃപ. പഴയനിയമത്തിൽ ന്യായപ്രമാണം മനുഷ്യനോട് അതിന്റെ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു, എന്നാൽ പുതിയനിയമത്തിൽ അത് ആവശ്യപ്പെടുന്നത് രാജ്യമാണ്. രാജ്യത്തിന്റെ ആവശ്യങ്ങൾ ന്യായപ്രമാണത്തിന്റെ ആവശ്യങ്ങളേക്കാൾ വളരെ കൃത്യമാണ്. മനുഷ്യൻ എത്രമാത്രം ബലഹീനനാണെന്ന് ന്യായപ്രമാണത്തിന്റെ ആവശ്യങ്ങൾ തെളിയിച്ചു; മനുഷ്യൻ എത്രമാത്രം അപ്രാപ്തനാണെന്നല്ല, ദൈവം എത്രമാത്രം പ്രാപ്തനാണെന്ന് ഇപ്പോൾ രാജ്യത്തിന്റെ ആവശ്യങ്ങൾ തെളിയിക്കുന്നു. മനുഷ്യന്റെ അപ്രാപ്തിയെ തെളിയിക്കുവാൻ രാജ്യത്തിന്റെ ആവശ്യങ്ങളുടെ ആവശ്യമില്ല, കാരണം അത് ന്യായപ്രാമണത്തിന്റെ ആവശ്യങ്ങളാൽ പൂർണമായും തെളിയിക്കപ്പെട്ടിരിക്കുന്നു. ഇന്ന് രാജ്യത്തിന്റെ ആവശ്യകതകൾ ദൈവത്തിന്റെ അപരിമേയമായ പ്രാപ്തിയെ പ്രകടമാക്കുവാൻ സഹായിക്കുന്നു. അവന്റെ രാജ്യം നമ്മിൽ ഉന്നയിക്കുന്ന എല്ലാ ആവശ്യങ്ങളും നമ്മിൽ നിറവേറ്റുവാൻ അവൻ നമ്മുടെ ജീവനായിത്തീർന്നിരിക്കുന്നു.

ദൈവത്തിന്റെ ജീവൻ അവന്റെ രാജ്യത്തിനുവേണ്ടി നൽകപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിയുന്നത് പ്രധാനമാണ്. നമ്മുടെ ജീവിതങ്ങളിൽ അവന്റെ സിംഹാസനം സ്ഥാപിക്കുവാനും, നമ്മുടെമേൽ അവന്റെ അധികാരം സ്ഥാപിക്കുവാനും നാം അവനെ അനുവദിക്കുന്നില്ലെങ്കിൽ, അവന്റെ ജീവന് നമ്മിൽ പ്രവർത്തിക്കുവാൻ കഴിയുകയില്ല. തന്റെ രാജ്യത്തിന്റെ ആവശ്യങ്ങൾ സന്ധിക്കുന്നതിനായിട്ടാണ് ദൈവം തന്റെ ജീവൻ നമ്മിൽ വച്ചിരിക്കുന്നത്; അവന്റെ രാജ്യം നമ്മിൽ സ്ഥാപിക്കുവാൻ നാം അവനെ അനുവദിക്കുന്നില്ലെങ്കിൽ, നമ്മുടെ ഉള്ളിലുള്ള അവന്റെ ജീവന് പ്രവർത്തിക്കുവാൻ കഴിയുകയില്ല.

ഞാൻ ഒന്നോ രണ്ടോ ദൃഷ്ടാന്തങ്ങൾ ഉപയോഗിക്കട്ടെ. ഒരു സഹോദരി തന്റെ പ്രശ്നങ്ങളുമായി എന്റെ അടുക്കൽ വന്നു, കുറച്ചു നേരം സംസാരിച്ച ശേഷം

അവൾ ഇങ്ങനെ പറഞ്ഞു: “എന്റെതന്നെ മോശമായ സംയമനത്തിന്റെ പ്രശ്നമല്ലാതെ എനിക്ക് ഒരു പ്രശ്നവുമില്ല. എന്റെ ഭർത്താവിനോടും കുട്ടികളോടുമുള്ള എന്റെ സംയമനം നഷ്ടപ്പെടുന്നു. ഞാൻ അതിനെക്കുറിച്ച് പിന്നെയും പിന്നെയും പ്രാർഥിച്ചിട്ടുണ്ട്; എന്നാൽ ജയത്തിനുവേണ്ടി ഞാൻ എത്രയധികം പ്രാർഥിച്ചുവോ അത്രയധികം എന്റെ കോപം വർധിക്കുന്നു. അതെന്തുകൊണ്ടാണ്? കർത്താവ് എന്റെ രക്ഷകനാണെന്ന് എനിക്കറിയാം; എന്തുകൊണ്ടാണ് അവൻ എന്റെ മോശം സംയമനത്തെക്കുറിച്ചുള്ള എന്റെ പ്രാർഥനകൾ കേൾക്കാത്തത്? അവന്റെ ജീവൻ ശക്തമാണെന്ന് എനിക്കറിയാം; എന്തുകൊണ്ടാണ് അവന്റെ ശക്തമായ ജീവന് എന്റെ ഈ ചെറിയ കോപത്തെ ജയിക്കുവാൻ കഴിയാതിരിക്കുന്നത്?" അവൾ പറഞ്ഞതെല്ലാം വളരെ ന്യായമായിരുന്നു. നമ്മുടെ ഉള്ളിലുള്ള കർത്താവിന്റെ ജീവൻ ശക്തമായ ഒരു ജീവനാണ്, കർത്താവ് പ്രാർഥന കേൾക്കുന്നവനും ഉത്തരം നൽകുന്നവനുമാണ്. പിന്നെ എന്തുകൊണ്ടാണ് ആ ചെറിയ കോപത്തെ ജയിക്കുന്നില്ല? നമ്മുടെ ചെറിയ കോപത്തിന്റെ ആവശ്യം സന്ധിക്കുവാനല്ല, മറിച്ച് ദൈവത്തിന്റെ മഹത്തായ രാജ്യത്തിന്റെ ആവശ്യങ്ങൾ സന്ധിക്കുന്നതിനാണ് കർത്താവിന്റെ ജീവൻ നിങ്ങളുടെയും എന്റെയും ഉള്ളിൽ വച്ചിരിക്കുന്നതെന്ന് ഞാൻ പറയുമ്പോൾ ദയവായി എന്നെ തെറ്റിദ്ധരിക്കരുത്. അതിനാൽ ഞാൻ ആ സഹോദരിയോട് പറഞ്ഞു: “നിങ്ങളുടെ ജീവന്റെ കർത്താവ് ആരാണ്, നിങ്ങളാണോ അതോ കർത്താവാണോ? അധികാരം നിങ്ങളുടെ കൈയിലാണോ അതോ അവന്റെ കൈയിലാണോ?” അവളുടെ സംയമനത്തെക്കുറിച്ച് അവൾ വീണ്ടും ന്യായവാദം ചെയ്തപ്പോൾ, ഞാൻ വീണ്ടും ചോദിച്ചു: "നിങ്ങളുടെ ജീവിതത്തിന്റെ സിംഹാസനത്തിൽ ആരാണ്, നിങ്ങളാണോ അതോ ദൈവമാണോ?" ഞാൻ കാര്യത്തിൽ ഉറച്ചുനിൽക്കുകയും അവൾക്ക് രക്ഷപ്പെടാനുള്ള പഴുതൊന്നും കൊടുക്കാതിരിക്കുകയും ചെയ്തപ്പോൾ, ഒടുവിൽ ഉത്തരം വന്നു: "എന്റെ ജീവിതത്തിന്റെ ചുമതല എനിക്കാണ്." അപ്പോൾ ഞാൻ പറഞ്ഞു, “സഹോദരീ, ഇനി എന്തെങ്കിലും കൂടുതൽ പറയേണ്ടതുണ്ടോ? നിങ്ങൾ സിംഹാസനത്തിലിരിക്കുകയും കർത്താവ് നിങ്ങളെ സഹായിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു. അവൻ നിങ്ങളുടെ ജീവിതത്തിലെ അധികാരസ്ഥാനത്തില്ലെങ്കിൽ, നിങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ അവനെങ്ങനെ കഴിയും?

അതാണ് ഇന്ന് നമ്മുടെ മുഴുവൻ കുഴപ്പവും. എന്തുകൊണ്ടാണ് ദൈവത്തിന്റെ ശക്തിയുള്ള ജീവന് നമ്മുടെ ചെറിയ കോപത്തോട് ഇടപെടുവാൻ കഴിയാത്തത്? ചെറിയ പ്രശ്നങ്ങളാണോ വലിയ പ്രശ്നങ്ങളാണോ എന്നതല്ല വിഷയം. ആരാണ് സിംഹാസനത്തിൽ എന്നതാണ് വിഷയം. നിങ്ങളുടെ ജീവിതത്തിലെ സിംഹാസനത്തിൽ നിങ്ങൾ ഇരിക്കുമ്പോൾ ദൈവം അവനെത്തന്നെ സ്വർഗത്തിലെ സിംഹാസനത്തിൽ അടക്കിനിർത്തുമെന്ന് നിങ്ങൾ എപ്പോഴും പ്രത്യാശിക്കുന്നു. അപ്പോൾ നിങ്ങളുടെ ബലഹീനതകളും പാപങ്ങളും നിങ്ങളെ അലട്ടുന്നു, അതിനാൽ നിങ്ങളെ സഹായിക്കുവാൻ നിങ്ങൾ അവനെ വിളിച്ചപേക്ഷിക്കുന്നു. “നീ ശക്തനായവനല്ലേ? പ്രാർഥനയ്ക്ക് ഉത്തരം നൽകുമെന്ന് നീ വാഗ്ദത്തം ചെയ്തിട്ടില്ലേ? നിന്റെ കുട്ടി ഒരു പരാജയ ജീവിതം നയിക്കുന്നത് നിനക്ക് സഹിക്കുവാൻ കഴിയുമോ?” എന്ന് നിങ്ങൾ അവനോട് നിലവിളിക്കുന്നു. അതെ, നിങ്ങൾ പരാജയപ്പെടുന്നത് കാണുന്നത് അവന് സഹിക്കുവാൻ കഴിയും, നിങ്ങളുടെ ഉള്ളിൽ തന്റെ രാജ്യം സ്ഥാപിക്കുന്നതിനായി അവൻ തന്റെ ജീവൻ

നിങ്ങളുടെ ഉള്ളിൽ വച്ചിരിക്കുന്നുവെന്ന് നിങ്ങൾ തിരിച്ചറിയുന്നതുവരെ നിങ്ങൾ പരാജയപ്പെട്ടുകൊണ്ടിരിക്കുവാൻ അവൻ നിങ്ങളെ അനുവദിക്കും.

സിംഹാസനം ഉണ്ടായിരിക്കുവാൻ നിങ്ങൾ അവനെ അനുവദിക്കണം. അവൻ നിയന്ത്രണം ഏറ്റെടുക്കട്ടെ. നിങ്ങളുടെ ജീവിതത്തിൽ അവൻ തന്റെ രാജ്യം സ്ഥാപിക്കട്ടെ. അപ്പോൾ എല്ലാ ശത്രുക്കളും കീഴടക്കപ്പെടും. അപ്പോൾ നിങ്ങളുടെ ബലഹീനതകളെക്കുറിച്ച് പ്രാർഥിക്കേണ്ട ആവശ്യം ഉണ്ടായിരിക്കുകയില്ല, കാരണം നിങ്ങളുടെ ജീവിതത്തിന്റെ സിംഹാസനത്തിൽ അവന് അവന്റെ സ്ഥാനമുണ്ടെങ്കിൽ, എല്ലാ ശത്രുക്കളും പരാജയപ്പെടും. പഴയനിയമ നാളുകളിൽ, യഹോവയ്ക്ക് തന്റെ ജനത്തിന്മേൽ രാജാവായി അവന്റെ സ്ഥാനമുണ്ടായിരുന്നപ്പോൾ, അവരുടെ എല്ലാ ശത്രുക്കളും അവർക്ക് കീഴടങ്ങിയിരുന്നു; എന്നാൽ അവന് ആധിപത്യം ഉണ്ടായിരിക്കുവാൻ അവർ വിസമ്മതിച്ചപ്പോൾ, ശത്രുക്കൾ ആധിപത്യം നേടി. അപ്പോൾ അവരുടെ നിലവിളികളെല്ലാം നിഷ്ഫലമായി. അവരുടെ ശത്രുക്കൾ വിശുദ്ധ നഗരം പിടിച്ചെടുക്കുകയും, ആലയം നശിപ്പിക്കുകയും, പെട്ടകം എടുത്തുകൊണ്ടുപോകുകയും, ദൈവത്തിന്റെ സ്വന്തം ജനത്തെ ബന്ദികളാക്കി എടുക്കുകയും ചെയ്തു.

ഒരിക്കൽ ഒരു സഹോദരൻ എന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: "എന്തുകൊണ്ടാണ് തിട്ടയിൽനിന്നുള്ള എന്റെ ശുശ്രൂഷ ഇത്ര ദുർബലമായത്? ഞാൻ ഇതിനെക്കുറിച്ച് വളരെയധികം പ്രാർഥിക്കുന്നു. ഞാൻ ചിലപ്പോൾ ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. പ്രസംഗത്തിനുള്ള ഒരു ക്ഷണം സ്വീകരിക്കുന്നതിനു മുമ്പ് ഞാൻ ചിലപ്പോൾ പ്രാർഥനയിൽ ഒരു രാത്രി ചെലവഴിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് ഞാൻ ഇപ്പോഴും ശക്തനല്ലാതിരിക്കുന്നത്?" എന്റെ ഉത്തരം മുമ്പത്തെപ്പോലെ തന്നെയായിരുന്നു: "ആരാണ് നിങ്ങളുടെ ജീവിതത്തിന്റെ നിയന്ത്രണത്തിലുള്ളത്?" അതാണ് മുഴുവൻ പ്രശ്നം. നിങ്ങൾ ദൈവത്തെ സ്വർഗത്തിലെ സിംഹാസനത്തിൽ ഒതുക്കിനിർത്തുവാനും നിങ്ങളുടെ ജീവിതത്തിലെ സിംഹാസനം നിരസിക്കുവാനും ശ്രമിക്കുന്നുവെങ്കിൽ, സഹായത്തിനായുള്ള നിങ്ങളുടെ നിലവിളികളൊന്നും പ്രയോജനപ്പെടുകയില്ല. പ്രശ്നം ബലഹീനതയോ ശക്തിയോ അല്ല; പ്രശ്നം സിംഹാസനത്തിന്റേതായ ഒന്നാണ്.

ജീവജലത്തിന്റെ നദിയെക്കുറിച്ച് നാം വായിക്കുന്നു: "നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ട് ഫലം പുറപ്പെടുവിച്ചുകൊണ്ട് ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു" (വെളി. 22:2). ഈ നദി ഒഴുകിയിടത്തെല്ലാം എല്ലാ ആവശ്യങ്ങളും സന്ധിക്കപ്പെട്ടു. എന്നാൽ എവിടെ നിന്നാണ് നദി വന്നത്? "ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്ന് പുറപ്പെടുന്നതായ....ജീവജല നദി അവൻ എന്നെ കാണിച്ചു" (വാ. 1). ജീവൻ എല്ലായ്പോഴും സിംഹാസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാം ദൈവത്തിന്റെ അധികാരത്തിന് കീഴ്പെടുകയും നമ്മുടെ ജീവിതങ്ങളിൽ രാജ്യം സ്ഥാപിക്കുവാൻ അവനെ അനുവദിക്കുകയും ചെയ്യുമ്പോൾ, നാം വിജയത്തിലും ജീവന്റെ നിറവിലും നിലനിർത്തപ്പെടുന്നു, കാരണം അപ്പോൾ നാമും അധികാരത്തിലാണ് (*The Collected Works of Witness Lee, 1957,* vol. 3, "The Kingdom and the Church," pp. 255-260)